## സർക്കുലർ

67/1//NSS/DHSE/2018 01/06/2018



ലോക പരിസ്ഥിതി ദിനം ജൂൺ 5 ാം തീയതി ആചരിക്കുകയാണല്ലോ. ഈ വർഷത്തെ പരിസ്ഥിതി ദിനാചരണത്തിന്റെ സന്ദേശം 'Beat Plastic Polution' എന്നതാണ്. പ്ലാസ്റ്റിക് മൂലമുള്ള മലിനീകരണം തടയുക, ഉപയോഗം പരമാവധി കുറയ്ക്കുക എന്നതാണ് ഈ സന്ദേശത്തിന്റെ കാതൽ. പരിസ്ഥിതി നാശം കുറയ്ക്കുന്നതിന്റെ ഭാഗമായി പരമാവധി വൃക്ഷത്തൈകൾ വച്ചു പിടിപ്പിച്ചും നിലവിലുള്ള പച്ചപ്പിനെ സംരക്ഷിച്ചുകൊണ്ടും പ്രകൃതിക്ക് നാം കരുത്തു പകരേണ്ടതുണ്ട്. ഹയർ സെക്കണ്ടറി നാഷണൽ സർവ്വീസ് സ്കീമും സംസ്ഥാന വനംവകുപ്പും പരസ്പരം കൈകോർത്ത് ഈ വർഷത്തെ പരിസ്ഥിതി ദിനം സമുചിതമായി ആചരിക്കുന്നു.

ഹയർ സെക്കണ്ടറി നാഷണൽ സർവ്വീസ് സ്കീമിന്റെ പരിസ്ഥിതി ദിനാചരണത്തിന്റെ സംസ്ഥാനതല ഉദ്ഘാടനവും വനം വന്യജീവി വകുപ്പിന്റെ പരിസ്ഥിതി ദിനാചരണത്തിന്റെ ജില്ലാതല ഉദ്ഘാടനവും പത്തനംതിട്ട കാതോലിക്കേറ്റ് ഹയർ സെക്കണ്ടറി സ്കൂളിൽ ആറൻമുള എംഎൽഎ ശ്രീമതി വീണാ ജോർജ്ജിന്റെ അദ്ധ്യക്ഷതയിൽ പത്തനംതിട്ട എം.പി. ശ്രീ.ആന്റോ ആന്റണി നിർവ്വഹിക്കുന്നു.

ഹയർ സെക്കണ്ടറി നാഷണൽ സർവ്വീസ് സ്കീം സംസ്ഥാന വ്യാപകമായി നടപ്പിലാക്കുന്ന ***നമ്മുടെ കശുമാവ് നാടിന്റെ സമ്പത്ത്*** പദ്ധതിയുടെ ഉദ്ഘാടനം ഹയർ സെക്കണ്ടറി റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ നിർവ്വഹിക്കും. എല്ലാ എൻഎസ്എസ് യൂണിറ്റുകളും പരിസ്ഥിതി ദിനാചരണം സംഘടിപ്പിക്കേണ്ടതും അതത് ജില്ലാ ഇമെയിലേയ്ക്ക് ഫോട്ടോ അയയ്ക്കേണ്ടതുമാണ്.

ഒപ്പ്
ഡോ.ജേക്കബ് ജോൺ
പ്രോഗ്രാം കോഡിനേറ്റർ